28-12-2004-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന പ്രസ്തുത ഏജൻസിയുടെ 46-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിക്ക് എതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം കണക്കിലെടുത്ത് പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയുടെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല എന്ന കേന്ദ്ര ജല വിഭവ വകുപ്പ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

തമിഴ്നാട് ജലസ്രോതസ്സുകളിൽ അധികമുള്ള ജലം കേരളത്തിന് വിട്ടുകിട്ടാൻ നടപടി

7 [*72] ശ്രീ. ലൂഡി ലൂയിസ് :

„ വർക്കല കഹാർ :

„ സി. പി. മുഹമ്മദ് :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പാർ മുതൽ കന്യാകുമാരി ജില്ല വരെയുള്ള തമിഴ്നാട് ജലസ്രോതസ്സുകളിൽ അധിക ജലമുണ്ടെന്ന് ദേശീയ ജലവിഭവ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് സംസ്ഥാനത്തെ നദികളിൽ വെള്ളം ഇല്ലാത്തതിനാൽ ഈ അധിക ജലത്തിൽ നിന്നും സംസ്ഥാനത്തിന് ജലം വിട്ടുകിട്ടേണ്ടതിന്റെ ആവശ്യകത കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര ശ്രദ്ധയിൽ കൊണ്ടുവരുമോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇല്ല. ഇക്കാര്യം ആവശ്യമെങ്കിൽ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

അന്യ സംസ്ഥാനത്തെ ലോട്ടറികൾക്കെതിരെയുള്ള കേസ്സുകൾ

8 [*73] ശ്രീ. മത്തായി ചാക്കോ :

„ എം. വി. ഗോവിന്ദൻ മാസ്റ്റർ :

„ കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ലോട്ടറി നിയന്ത്രണനിയമം ലംഘിച്ചതിന് 2004-05 കാലത്ത് ലോട്ടറി വകുപ്പ് ഉദ്യോഗസ്ഥൻമാർ നടത്തിയ റെയ്ഡുകളിൽ അനധികൃത അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly